www.img.kerala.gov.in
e-mail:imgtvpm@gmail.com
Telephone: 0471-2304229/608
Fax: 0471-2303233/0471-2302391

# INSTITUTE OF MANAGEMENT IN GOVERNMENT

*(An Autonomous Body Constituted by the Government of Kerala)*

Vikas Bhavan P.O.
Thiruvananthapuram – 695 033.

നംപർ.7224/.പി2/2016/ഐ.എം.ജി. 36955 14 ഒക്ടോബർ 2016

ഡയറക്ടർ
കൊളീജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പ്
വികാസ് ഭവൻ പി.ഓ
തിരുവനന്തപുരം

സർ,

വിഷയം ഐ.എം.ജി.- പുതിയതായി നിയമനം ലഭിച്ച എൽ.ഡി.ക്ളർക്കുമാർക്ക് വേണ്ടിയുള്ള ഇൻഡക്ഷൻ പരിശീലനം - നാമനിർദ്ദേശം ക്ഷണിക്കുന്നത് സംബന്ധിച്ച് -

പുതിയതായി സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള എൽ.ഡി.ക്ളർക്കുമാർക്ക് വേണ്ടി 2016-17 സാമ്പത്തികവർഷത്തിൽ ഐ.എം.ജി.യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ വച്ച് 18 പ്രവൃത്തി ദിവസത്തെ ഇൻഡക്ഷൻ പരിശീലനം നൽകുന്നു. നിയമങ്ങളും ചട്ടങ്ങളും, ധനകാര്യ മാനേജ്മെൻറ്, വ്യക്തിഗത കാഴ്ച്ചപ്പാട്, സർവ്വീസ് ഡെലിവറി, ഇ-ഗവേണൻസും അക്കൗണ്ടബിലിറ്റിയും തുടങ്ങിയവയാണ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഐ.എം.ജി.യുടെ മൂന്നു കേന്ദ്രങ്ങളിലും വച്ച് നടത്തുന്ന പരിശീലന പരിപാടികളിൽ പുതിയതായി സർവ്വീസിൽ പ്രവേശിച്ചവരും ഇൻഡക്ഷൻ പരിശീലനം ലഭിക്കാത്തവരുമായ ക്ളാർക്കുമാരെയാണ് ഉൾപ്പെടുത്തുന്നത്. അതിനാൽ ഇൻഡക്ഷൻ ട്രെയിനിംഗിൽ പങ്കെടുക്കുവാൻ അർഹതയുള്ളവരുടെ പേരു വിവരം ഇതോടൊപ്പമുള്ള അപേക്ഷാഫോറം സഹിതം അയച്ചു തരാൻ താൽപര്യപ്പെടുന്നു. ഒരു ബാച്ചിൽ 30 പേരെ മാത്രമെ പങ്കെടുപ്പിക്കുവാൻ സാധിക്കുകയുള്ളു എന്നതിനാൽ ആദ്യം ലഭിക്കുന്ന നാമനിർദ്ദേശങ്ങൾക്ക് മുൻഗണന നൽകും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ നാമനിർദ്ദേശം ഡയറക്ടർ ജനറൽ, ഐ.എം.ജി. വികാസ് ഭവൻ പി.ഒ.തിരുവനന്തപുരം എന്ന വിലാസത്തിലും, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിലെ നാമനിർദ്ദേശങ്ങൾ റീജിയണൽ ഡയറക്ടർ, ഐ.എം.ജി. കാക്കനാട് പി.ഒ, കൊച്ചി - 30 എന്ന വിലാസത്തിലും കോഴിക്കോട്, മലപ്പുറം, പാലക്കാട്, കാസർകോട് കണ്ണൂർ, വയനാട് ജില്ലകളിലെ നാമനിർദ്ദേശം റീജിയണൽ ഡയറക്ടർ ഐ.എം.ജി. റീജിയണൽ സെൻറർ, കോഴിക്കോട് എന്ന വിലാസത്തിലുമാണ് അയയ്ക്കേണ്ടത്. നാമനിർദ്ദേശം ലഭിക്കേണ്ട അവസാന തീയതി 16.11.2016 ആണ്

........2

നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഫോൺ നംപർ കൂടി രേഖപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരെ പരിശീലനത്തിന് തിരഞ്ഞെടുത്തതായുള്ള ഐ.എം.ജി.യുടെ അറിയിപ്പ് ലഭിച്ചശേഷം മാത്രമേ വിടുതൽ ചെയ്യാവൂ എന്നറിയിക്കുന്നു. ഒരിക്കൽ നാമനിർദ്ദേശം ചെയ്തിട്ടുള്ളവരെ വീണ്ടും നാമനിർദ്ദേശം ചെയ്യേണ്ടതില്ല.

പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പ്രോഗ്രാം & പ്ലാനിംഗ് ഡിവിഷൻ സെക്ഷൻ ഓഫീസറെ **0471 – 2780840** എന്ന നംപരിൽ ബന്ധപ്പെടാവുന്നതാണ്.

താങ്കളുടെ വിശ്വസ്തൻ,
ഒപ്പ്
സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നമ്പർ സി 6/43362/2015/കോ.വി.വ തീയതി.03.11.2016**

ഐ.എം.ജി സെക്രട്ടറിയുടെ കത്തിന്റെ പകർപ്പ് കോളേജ് വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സ്ഥാപന മേലധികാരികളുടേയും അറിവിലേക്കായി അയക്കുന്നു. കത്തിലെ നിർദ്ദേശ പ്രകാരം പുതിയതായി സർവ്വീസിൽ പ്രവേശിച്ച ക്ലാർക്കുമാരുടെ വിവരങ്ങൾ നിശ്ചിത ഫോറത്തിൽ രേഖപ്പെടുത്തി 16.11.2016 - നു മുൻപായി ബന്ധപ്പെട്ട ഐ.എം.ജി റീജിയണൽ ഡയറക്ടർമാർക്ക് അയയ്ക്കണമെന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്/-
റ്റി.വി.കൃഷ്ണകുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ഡി.ജി.03.11.2016

# അപേക്ഷാ ഫാറം

| | | |
|---|---|---|
| 1 | പേര് | |
| 2 | ഉദ്യോഗപ്പേര് | |
| 3 | ജോലി നോക്കുന്ന ഓഫീസ് | |
| 4 | ശമ്പള സ്കെയിൽ | |
| 5 | ജനനതീയതി | |
| 6 | പുരുഷനോ സ്ത്രീയോ | |
| 7 | സർവ്വീസിൽ പ്രവേശിച്ച തീയതി | |
| 8 | മുൻപ് സർക്കാർ സർവ്വീസിൽ ജോലി ചെയ്തിട്ടുണ്ടോ ?<br><br>ഉണ്ടെങ്കിൽ വിശദാംശങ്ങൾ. | |
| 9. | പ്രസ്തുത സർവ്വീസിൽ ഇൻഡക്ഷൻ ട്രെയിനിംഗ് നേടിയിട്ടുണ്ടോ ? | |
| 10 | ഔദ്യോഗിക മേൽവിലാസം | |
| 11. | സ്ഥിരം മേൽവിലാസം | |
| 12. | ഇ മെയിൽ | |
| 13. | ഫാക്സ് നംപർ | |
| 14. | മൊബൈൽ നംപർ | |
| 15. | ഹോസ്റ്റൽ സൗകര്യം ആവശ്യമുണ്ടോ ? | |

ഓഫീസ് മേലധികാരിയുടെ ഒപ്പും മുദ്രയും